(ഡി) ഇപ്രകാരം ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15.00 ശതമാനം.

(ബി) 8.00 ശതമാനം.

(സി) ഉണ്ട്.

(ഡി) ഒഴിഞ്ഞുകിടക്കുന്ന സംവരണ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ പൊതുഭരണവകുപ്പിൽനിന്ന് സ്വീകരിച്ചുവരുന്നുണ്ട്.

വിജ്ഞാൻവാടി പദ്ധതി

309 (2865) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ നിയോജകമണ്ഡലത്തിലെയും ഒരു എസ്.സി. കോളനിയിൽ വീതം നടപ്പിലാക്കിയ വിജ്ഞാൻവാടി പദ്ധതി ഓരോ പഞ്ചായത്തുകളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള വിജ്ഞാൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) വിജ്ഞാൻവാടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തവയിൽ, സ്ഥലം ലഭ്യമായ കോളനികളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) വിജ്ഞാൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഓരോ വർഷവും പത്രം, വൈദ്യുതി, ഇന്റർനെറ്റ് ചാർജ് എന്നിവയുള്ള തുക മുൻകൂറായി അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly